ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം
0471-2342532 keralaprisons@gov.in

## നടപടികൾ

വിഷയം : ജയിലുകൾ – ആസ്ഥാനകാര്യാലയം – ജീവനക്കാര്യം – ഹെഡ് ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളിലേക്ക് പ്രമോഷൻ നൽകിയും, സ്ഥലംമാറ്റം/നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സീനിയർ ക്ലാർക്ക് തസ്തികയുടെ 01.01.2025 അടിസ്ഥാനമാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
2) ക്ലാർക്ക് തസ്തികയുടെ 01.07.2025 അടിസ്ഥാനമാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
3) G.O.(MS) No.442/80/GAD dated 26.09.1980.

## ഉത്തരവ് നമ്പർ: KPCS/2410/2026-E1; തീയതി: 15-07-2026

1. ജയിലാസ്ഥാനകാര്യാലയത്തിലെ ചീഫ് അക്കൗണ്ടന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന ഹെഡ് ക്ലാർക്ക് ശ്രീമതി. ഷീബ. ഡി.-യ്ക്ക് വെൽഫെയർ ഓഫീസർ തസ്തികയിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകിയതിനെ തുടർന്ന് ജയിലാസ്ഥാനകാര്യാലയത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

2. പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിലവിൽ സീനിയർ ക്ലാർക്ക് വിഭാഗത്തിലെ ഏറ്റവും സീനിയറായ **എറണാകുളം ജില്ലാ ജയിലിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ആൻ റോസ് മാത്യുവിന് (PEN 652830) KS&SSR Part II Rule 28(b)(ii) പ്രകാരം ₹39,300–83,000/- ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് പ്രമോഷൻ നൽകി ജയിലാസ്ഥാനകാര്യാലയത്തിൽ RSW സീറ്റിൽ നിയമിച്ച്** ഉത്തരവാകുന്നു.

3. ശ്രീമതി. ആൻ റോസ് മാത്യുവിന് ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രമോഷൻ അനുവദിക്കുന്നതിനെ തുടർന്ന് സീനിയർ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വരുന്നതാണ്. പ്രസ്തുത ഒഴിവിലേക്ക് പരാമർശം (2) പ്രകാരമുള്ള ക്ലാർക്ക് വിഭാഗത്തിന്റെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്, പ്രമോഷന് ആവശ്യമായ യോഗ്യതകൾ, മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ജയിലാസ്ഥാനകാര്യാലയത്തിലെ ക്ലാർക്കായ **ശ്രീ. അനീഷ് രാജിന് (PEN 863021) KS&SSR Part II Rule 28(b)(ii) പ്രകാരം ₹35,600–75,400/- ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പ്രമോഷൻ അനുവദിച്ചും, നിലവിൽ ജോലി ചെയ്തുവരുന്ന ജയിലാസ്ഥാനകാര്യാലയത്തിലെ പി-1 സീറ്റിൽ തന്നെ തുടരാൻ അനുവദിച്ചുകൊണ്ടും** ഉത്തരവാകുന്നു.

4. ജയിലാസ്ഥാനകാര്യാലയത്തിലെ **RSW സീറ്റിൽ ജോലി നോക്കിവരുന്ന ഹെഡ് ക്ലാർക്ക് ശ്രീമതി. ഷിജി.എം.ആർ.-നെ ജയിൽ ആസ്ഥാനകാര്യാലയത്തിലെ ചീഫ് അക്കൗണ്ടന്റ് തസ്തികയിലേക്ക് മാറ്റി നിയമിച്ച്** ഉത്തരവാകുന്നു.

5. **എറണാകുളം ജില്ലാ ജയിലിൽ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിലേക്ക്, ജയിലാസ്ഥാനകാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി. രമ്യ ജോർജിന് സ്ഥലംമാറ്റം അനുവദിച്ച്** ഉത്തരവാകുന്നു.

6. ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

DINESH B
DEPUTY INSPECTOR GENERAL OF PRISONS(HQ)

ഡയറക്ടർ ജനറൽ,
പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് - ന് വേണ്ടി

സ്വീകർത്താവ്: ശ്രീമതി ആൻ റോസ് മാത്യു, സീനിയർ ക്ലാർക്ക്, ജില്ലാ ജയിൽ, എറണാകുളം.
ശ്രീമതി. ഷിജി എം. ആർ., ഹെഡ് ക്ലാർക്ക്, ജയിലാസ്ഥാനകാര്യാലയം.
ശ്രീ. അനീഷ് രാജ്, ക്ലാർക്ക്, ജയിലാസ്ഥാനകാര്യാലയം.
ശ്രീമതി രമ്യ ജോർജ്, ക്ലാർക്ക്, ജയിലാസ്ഥാനകാര്യാലയം.

പകർപ്പ്: 1) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനായി.

2) ഡി.ഐ ജി (മദ്ധ്യമേഖല)

3) സൂപ്രണ്ട്, ജില്ലാ ജയിൽ, എറണാകുളം.

4) ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും.

5) A1/E4 seats (ആവശ്യമായ തുടർ നടപടികൾക്ക്)

6) ടെക്നിക്കൽ സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

7) കരുതൽ ഫയൽ

Digitally signed by
Dinesh Bhagavathi Pillai
Date: 16-07-2026
09:39:41